## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.399 04.02.2020-ൽ മറുപടിക്ക്**

## റിട്ടേണുകളുടെ സൂക്ഷ്മ പരിശോധന

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മോൻസ് ജോസഫ് | | ഡോ. ടി.എം. തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | ഇ-വേ ബിൽ സംവിധാനത്തിൽ, മുൻ നികുതി കുടിശ്ശികയിൽ നിന്ന് ഒഴിവാകുന്നതിന് വ്യാപാരികൾ കള്ളക്കണക്ക് ഹാജരാക്കുന്നതായുള്ള പരാതികൾ പരിഹരിക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ; | (എ) | തുടർച്ചയായ 2 മാസം GSTR 3B ഫയൽ ചെയ്യാത്ത വ്യാപാരികളുടെ ഇ-വേ ബിൽ ബ്ലോക്ക് ചെയ്യുന്നതാണ്. ഇങ്ങനെയുള്ള കേസുകളിൽ ചരക്കുവിതരണം ചെയ്യുന്നയാളിനും സ്വീകരിക്കുന്നയാളിനും ഇ-വേ ബിൽ ജനറേറ്റ് ചെയ്യാൻ കഴിയുകയില്ല. ഇത് ഒഴിവാക്കുന്നതിനായി റിട്ടേൺ പ്രകാരം സമർപ്പിക്കേണ്ട ടേണോവർ കുറച്ചുകാണിച്ച് റിട്ടേൺ ഫയൽ ചെയ്തു ഇ-വേ ബിൽ ബ്ലോക്കിംഗ് ഒഴിവാക്കപ്പെടുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം കേസുകൾ അതാത് ഡെപ്യൂട്ടി കമ്മീഷണർമാർക്ക് സംസ്ഥാന ചരക്കുസേവന നികുതി നിയമത്തിലെ 61-ാം വകുപ്പ്, ചട്ടം 99 പ്രകാരം സ്ക്രൂട്ടിനി നടത്തി നടപടികൾ സ്വീകരിക്കുന്നതിനായി നിർദ്ദേശം നൽകിക്കഴിഞ്ഞു. കൂടാതെ മനപ്പൂർവ്വമായി തെറ്റായ റിട്ടേൺ ഫയൽ ചെയ്ത കേസുകളിൽ വകുപ്പ് 74 പ്രകാരം ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | റിട്ടേണുകളുടെ സൂക്ഷ്മപരിശോധനയിൽ കാലതാമസമുണ്ടാകുന്നു എന്ന പഴുതിലൂടെ വരുമാനം കുറച്ചുകാണിക്കുന്ന വ്യാപാരികൾക്കെതിരെ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (ബി) | വ്യാപാരികളുടെ വിറ്റുവരവിനെ ആസ്പദമാക്കി A,B,C,D,E എന്നിങ്ങനെ 5 വിഭാഗങ്ങളിലായി തരംതിരിച്ചിട്ടുണ്ട്. ഇതിൽ A, B കാറ്റഗറി വിഭാഗത്തിൽപ്പെടുന്നവർ ഏറ്റവും കൂടുതൽ നികുതി നൽകുന്ന വിഭാഗത്തിൽപ്പെടുന്ന വ്യാപാരികളാണ്. പ്രസ്തുത വ്യാപാരികളുടെ റിട്ടേണുകൾ മുൻഗണനാക്രമത്തിൽ യഥാസമയം സൂക്ഷ്മ പരിശോധന നടത്തിവരുന്നു. വ്യാപാരികൾ സ്വയം നികുതി നിർണ്ണയം നടത്തി സമർപ്പിക്കുന്ന |

| | | | |
|---|---|---|---|
| | | | റിട്ടേണുകൾ ഇ-വേ ബിൽ, ടിഡിഎസ്, ടിസിഎസ്, 2A റിട്ടേണുകൾ എന്നിവയിലെ വിവരങ്ങളുമായി താരതമ്യം ചെയ്ത് അപാകതകൾ കണ്ടെത്തുന്ന കേസുകളിൽ ചരക്കുസേവന നികുതി നിയമപ്രകാരം നികുതിനിർണ്ണയം നടത്തി സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട നികുതി ടി വ്യാപാരിയിൽ നിന്നും വസൂലാക്കുന്നതാണ്. |
| (സി) | വ്യാപാരികൾ മുൻകാലങ്ങളിൽ നൽകിയ റിട്ടേണുകളുടെ താരതമ്യപഠനം നടത്തുവാൻ വകുപ്പുതലത്തിൽ നടപടി ആരംഭിക്കുമോ? | (സി) | മൂല്യവർദ്ധിത നികുതി നിയമപ്രകാരം സമർപ്പിച്ച റിട്ടേണുകളിലെ വിവരങ്ങൾ ചെക്ക്പോസ്റ്റ് ട്രാൻസാക്ഷൻ, ഇൻവോയ്സ് ഡാറ്റാ, വാഹനപരിശോധന, കട പരിശോധന എന്നിവയിലൂടെ ലഭ്യമായ വിവരങ്ങളുമായി താരതമ്യം ചെയ്യുന്ന നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കിവരുന്നുണ്ട്. ഇപ്രകാരമുള്ള പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തുന്ന കേസുകളിൽ പുനർനികുതി നിർണ്ണയം നടത്തിവരുന്നു.<br>ചരക്കുസേവന നികുതി നിയമപ്രകാരം സമർപ്പിച്ച റിട്ടേണുകൾ ഇ-വേബിൽ, ടിഡിഎസ്, ടിസിഎസ്, 2A റിട്ടേണുകൾ എന്നിവയിലൂടെ ലഭ്യമായ വിവരങ്ങളുമായി താരതമ്യം ചെയ്ത് അപാകതകൾ കണ്ടെത്തുന്ന കേസുകളിൽ നിയമപ്രകാരം നികുതി നിർണ്ണയം നടത്തി സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട നികുതി വ്യാപാരികളിൽ നിന്നും വസൂലാക്കുന്നു. |

സെക്ഷൻ ഓഫീസർ.